(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാർഷിക പദ്ധതി

1 [175] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വാർഷിക പദ്ധതി അടങ്കൽ എത്ര തുക വീതമായിരുന്നു;

(ബി) വാർഷിക പദ്ധതി അടങ്കൽ പിന്നീട് വെട്ടിച്ചുരുക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷം എത്ര തുക വീതം വെട്ടിച്ചുരുക്കിയിട്ടുണ്ട്; ഈ വർഷങ്ങളിൽ പദ്ധതിച്ചെലവ് എത്ര കോടി രൂപ വീതമായിരുന്നു;

(സി) വാർഷിക പദ്ധതി അടങ്കൽ വെട്ടിച്ചുരുക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ലഭ്യമായ വിഭവങ്ങളുടെ പരിമിതി അവഗണിച്ചുകൊണ്ടായിരുന്നോ ഈ വർഷങ്ങളിൽ വാർഷിക പദ്ധതി അടങ്കൽ നിശ്ചയിച്ചിരുന്നത്; ലഭ്യത അനുസരിച്ച് ധന വിഭവ സമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) വിഭവ ലഭ്യതയിലെ കമ്മി നികത്തുന്നതിനും ട്രഷറി പൂട്ടാതിരിക്കുന്നതിനും വേണ്ടി സർക്കാരിന് താൽക്കാലിക വിഭവ സമാഹരണം നടത്തേണ്ടി വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ 2001 മാർച്ച് 31-ന് ശേഷം ഇതേവരെ ഏതെല്ലാം ഘട്ടത്തിൽ താൽക്കാലിക വിഭവസമാഹരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

2001–2002	. .	3015.00 രൂപ
2002–2003	. .	3750.00 ,,
2003–2004	. .	4430.25 ,,
2004–2005	. .	4852.03 ,,

(ബി) റവന്യൂ വരുമാനത്തിനനുസൃതമായി പദ്ധതിച്ചെലവുകൾ നിജപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ചെലവിട്ട തുക ചുവടെ ചേർക്കുന്നു:

2001–2002	. .	2531.00 കോടി
2002–2003	. .	3943.99 ,,
2003–2004	. .	3119.31 ,,
2004–2005	. .	കണക്കുകൾ പൂർണ്ണമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) റവന്യൂ വരുമാനത്തിനനുസൃതമായി പദ്ധതിച്ചെലവുകൾ നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) അല്ല. ലഭ്യത അനുസരിച്ച് ധന വിഭവ സമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതി ഫണ്ട് വിനിയോഗിക്കൽ

2 [176] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ വാർഷിക പദ്ധതിക്കുവേണ്ടി ശേഖരിക്കാനുള്ള സ്രോതസ്സുകളിലെ ഫണ്ട് സർക്കാരിന്റെ ആവർത്തനചെലവുകൾക്ക് വേണ്ടി വിനിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുള്ള എന്തു തുക വീതം സർക്കാരിന്റെ ആവർത്തന ചെലവുകൾക്കായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷം ഉപയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) 1-4-2001, 1-4-2002, 1-4-2003, 1-4-2004 എന്നീ തീയതികളിലെ സംസ്ഥാനത്തിന്റെ കമ്മി എത്രയായിരുന്നു;

(ഡി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങൾ നിർബന്ധിത ചെലവുകളേക്കാൾ കൂടുതലാണോ;

(ഇ) 1-12-2004-ലെ കണക്കാക്കപ്പെട്ട കമ്മി എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർക്കാർ വിവിധ ആവശ്യങ്ങൾക്കായി ദൈനംദിനം ചെലവിടുന്ന തുകകൾ ട്രഷറിയിൽ എത്തുന്ന വരുമാനത്തിന്റെ സ്രോതസ്സുമായി ബന്ധപ്പെടുത്തിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ക്യാഷ് ബാലൻസിലെ കമ്മി (ഓവർ ഡ്രാഫ്റ്റ്)

വർഷം	രൂപ (കോടിയിൽ)
1-4-2001 . .	358.75
1-4-2002 . .	277.22
1-4-2003 . .	166.51
1-4-2004 . .	282.30